**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2280** **06-07-2022 - ൽ മറുപടിയ്ക്ക്**

**സി.ആർ.ഇസഡ്. പരിധിയിലുള്ള വീടുകൾക്ക് പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സി.ആർ.ഇസഡ്. വ്യവസ്ഥകളിൽ മാറ്റം വന്നിട്ടുണ്ടോ; വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സി.ആർ.ഇസഡ്. പരിധിയുടെ അളവുകൾ തരംതിരിച്ച് വിശദമാക്കാമോ; | (എ) | മാറ്റം വന്നിട്ടില്ല. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകളാണ് ഇപ്പോഴും നിലവിലുള്ളത്.<br><br>1) സി.ആർ.ഇസഡ് II-ൽ ഉൾപ്പെട്ട കടലിനോട് ചേർന്നുള്ള തീര പ്രദേശങ്ങളിൽ വേലിയേറ്റ രേഖയിൽ നിന്ന് 100- മീറ്റർ വരെയുള്ള വികസന നിരോധിത മേഖലയിൽ പരമ്പരാഗത തീരദേശവാസികളുടെ നിലവിലുള്ള അംഗീകൃത നിർമ്മാണങ്ങളുടെ അറ്റകുറ്റപണിയോ പുനർ നിർമ്മാണമോ,100 മീറ്ററിനും 200 മീറ്ററിനും ഇടയിൽ വരുന്ന മേഖലയിൽ പരമ്പരാഗത തീരദേശവാസികളുടെ 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളും, 200 മീറ്റർ കഴിഞ്ഞുള്ള മേഖലകളിൽ കെട്ടിടത്തിന്റെ ഉയരം 9 മീറ്ററിൽ കവിയാതെയുള്ള രണ്ട് നിലകളായി 250 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള വാസഗൃഹ നിർമ്മാണങ്ങൾക്കും അനുമതി നൽകാവുന്നതാണ്.<br><br>2) സി.ആർ.ഇസഡ് II-ൽ ഉൾപ്പെട്ട തീരപ്രദേശങ്ങളിൽ അംഗീകൃത റോഡുകളുടെയോ കെട്ടിടങ്ങളുടെയോ കരഭാഗത്തേയ്ക്ക് 250 ച.മീറ്റർ വിസ്തീർണ്ണമുള്ള വാസഗൃഹ നിർമ്മാണങ്ങൾ അനുവദനീയമാണ്.<br><br>3) ജലാശയത്താൽ ചുറ്റപ്പെട്ട ദ്വീപുകളിൽ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധിത മേഖലയിൽ ഉൾപ്പെടുന്നു. അത്തരം പ്രദേശങ്ങളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തിൽ കവിയാതെയുള്ള അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ മാത്രമാണ് അനുവദനീയം. |

| | | | |
|---|---|---|---|
| | | | 4) സി.ആർ.ഇസ് II-ലെ വികസന നിരോധിത മേഖലയിൽ (വേലിയേറ്റ രേഖയിൽ നിന്ന് 100 മീറ്ററോ ജലാശയത്തിന്റെ വീതിയോ ഇവയിൽ ഏതാണോ കുറവ് അത് വരെ) ഉൾപ്പെട്ട കായൽ,നദി, തോട് മുതലായവയോട് ചേർന്നുള്ള തീരപ്രദേശങ്ങളിൽ നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിൽ കവിയാതെയുള്ള അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ മാത്രമാണ് അനുവദനീയം |
| (ബി) | സി.ആർ.ഇസഡ്. പരിധിയിലുള്ള വീടുകളുടെ പെർമിറ്റ് അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസമുണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സി.ആർ.ഇസഡ്. പരിധിയിലുള്ള വീടുകളുടെ പെർമിറ്റ് അപേക്ഷ കേരള കോസ്റ്റൽ സോൺ മാനേജ് മെന്റ് അതോറിറ്റി (KCZMA) യുടെ അംഗീകാരത്തിനായി അയച്ചു നൽകുകയും അനുമതി നൽകുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിച്ചു നൽകുകയും ചെയ്യുന്നു.. ആയതിനാൽ സാധാരണ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ സമയം ഈ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ഉണ്ടാകാം. എന്നാൽ സി.ആർ.ഇസഡ് ലംഘനമുള്ള കേസുകളിൽ പെർമിറ്റ് അനുവദിച്ചു നൽകുകയില്ല. |

സെക്ഷൻ ഓഫീസർ